**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4705** **13-03-2023 - ൽ മറുപടിയ്ക്ക്**

**റാപിഡ് റെസ്പോൺസ് ടീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | എല്ലാ വനം ഡിവിഷനുകളിലും റാപിഡ് റെസ്പോൺസ് ടീമും വെറ്ററിനറി ഡോക്ടറും സംഘവും വേണമെന്ന് വകുപ്പുതല ശിപാർശ നിലവിലുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | എല്ലാ വനം ഡിവിഷനുകളിലും റാപ്പിഡ് റെസ്പോൺസ് ടീമും വെറ്റിറിനറി ഡോക്ടറും സംഘവും വേണമെന്ന് വകുപ്പുതല ശുപാർശ നിലവിലില്ല. എന്നാൽ വന്യജീവികൾ ജനവാസ മേഖലകളിൽ ഇറങ്ങിജനങ്ങളുടെ ജീവനും സ്വത്തിനും നാശനഷ്ടം വരുത്തുന്ന അടിയന്തര സാഹചര്യം ഉണ്ടാകുമ്പോൾ സമയോചിതമായി പ്രവർത്തിച്ച് വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ തുരത്തുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി) സേവനം വിനിയോഗിച്ചു വരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് രൂപീകരിച്ച സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിൽ 7 ആർ.ആർ.റ്റി-കൾ താത്ക്കാലികമായിപ്രവർത്തിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്ത് ജനവാസമേഖലയിൽ ഇറങ്ങുന്നവയിൽ പിടികൂടുന്നതും പരിക്കും മറ്റ് ആരോഗ്യപ്രശ്നങ്ങളുമുള്ള വന്യമൃഗങ്ങളെ പരിപാലിക്കുന്നതിനായി വിവിധ ഡിവിഷനുകളുടെ കീഴിലായി 15 അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർമാരുടെ തസ്തിക നിലവിലുണ്ട്. പരിക്കും മറ്റ് ആരോഗ്യപ്രശ്നങ്ങളാലും തിരികെ കാട്ടിലേക്ക് അയയ്ക്കാൻ കഴിയാത്ത കടുവ, പുള്ളിപ്പുലി, എന്നിവയ്ക്കായി വയനാട് കുപ്പാടിയിൽ ഹോസ്പൈസ് സെന്റർ പ്രവർത്തിച്ചുവരുന്നു. നിലവിൽ രൂപീകരിച്ചിട്ടുള്ള ആർ.ആർ.റ്റി-കൾക്ക് പുറമെ കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ,പുനലൂർ, അട്ടപ്പാടി എന്നിവിടങ്ങളിൽ |

| | | | |
|---|---|---|---|
| | | | ആർ.ആർ.റ്റി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരികയാണ്. |
| (ബി) | വന്യമൃഗ ആക്രമണങ്ങൾ തടയുന്നതിനുള്ള ടീമിലെ താൽക്കാലിക ജീവനക്കാരുടെ വേതനം പരിഷ്കരിക്കുന്നതിനോടോപ്പം ഇൻഷുറൻസ് അടക്കമുള്ള മറ്റ് ആനുകൂല്യങ്ങളും നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | **വന്യമൃഗ സംഘർഷം തടയുന്നതിനുള്ള ടീമിലെ താത്ക്കാലിക ജീവനക്കാരുടെ വേതനം പരിഷ്കരിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.** വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ഫീൽഡിൽ ജോലി ചെയ്യുന്നവർക്ക് ഇൻഷുറൻസ് പരിരക്ഷ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

`

അനുബന്ധം

| | |
|---|---|
| 1. നിലമ്പൂർ നോർത്ത് | സർക്കാർ ഉത്തരവ് (എം.എസ്) നം. 408/2011, വനം തീയതി 16.09.2011 |
| 2. വയനാട് | |
| 3. പാലക്കാട് | |
| 4. കണ്ണൂർ | |
| 5. റാന്നി | |
| 6. കോഴിക്കോട് | സർക്കാർ ഉത്തരവ് (എം.എസ്) നം. 7/2012, വനം തീയതി 15.02.2012 |
| 7. മണ്ണാർക്കാട് | |
| 8. പേപ്പാറ | |